**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2227** **20-01-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ നിലവിലെ റേഷൻ കടകളുടെ വിവരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri P. Thilothaman<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര റേഷൻ കടകൾ ആണ് നിലവിലുള്ളത് (എആർഡി); | (എ) | സംസ്ഥാനത്ത് 14239 റേഷൻ കടകൾ നിലവിലുണ്ട്. |
| (ബി) | 2016 ജൂൺ ഒന്നാം തീയതിക്കു മുൻപ് എത്ര കടകളാണ് ഉണ്ടായിരുന്നത്; കടകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ; റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച സംവരണ തത്വം പാലിക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 2016 ജൂൺ ഒന്നാം തീയതിക്ക് മുൻപ് 14209 കടകൾ നിലവിലുണ്ടായിരുന്നു. ഒരു പ്രദേശത്ത് പുതിയ റേഷൻകടയുടെ ആവശ്യകതയുണ്ടെന്ന് ബോധ്യപ്പെടുന്നപക്ഷം താഴെ പറയുന്ന ഘടകങ്ങൾ കൂടി പരിഗണിച്ചാണ് റേഷൻകട ലൈസൻസ് അനുവദിച്ചുവന്നിരുന്നത്. 1. കുറഞ്ഞത് 400 കാർഡെങ്കിലും ടി കടയിൽ ഉണ്ടാകണം. 2. 2 കിലോമീറ്റർ ചുറ്റളവിൽ മറ്റൊരു റേഷൻകട നിലവിലുണ്ടാകരുത്. 3. സമീപത്ത് നിലവിലുള്ള റേഷൻകടയുടെ ലാഭകരമായ പ്രവർത്തനത്തെ ബാധിക്കരുത്. എന്നാൽ 1966ലെ കേരള റേഷനിംഗ് ഉത്തരവിന്റെ പരിഷ്കരണം പൂർത്തിയായതിനുശേഷം മാത്രം പുതിയ ലൈസൻസി നിയമനങ്ങൾക്കുള്ള അപേക്ഷകൾ പരിഗണിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. റേഷൻകടകൾക്ക് ലൈസൻസ് അനുവദിക്കുന്ന ഉത്തരവുകൾക്കെതിരെ കേസുകൾ ബഹു.ഹൈക്കോടതിയിൽ നിലവിലുണ്ട്. റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച് സംവരണ തത്വം പാലിക്കണമെന്നാവശ്യപ്പെട്ട് ബഹു.ഹൈക്കോടതി വിധി നിലവിലുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംവരണതത്വങ്ങൾ പാലിച്ചുകൊണ്ട് ലൈസൻസി നിയമനങ്ങൾ നടത്തി വരുന്നു. |
| (സി) | 2016 ജൂൺ ഒന്നിനു ശേഷം എത്ര റേഷൻ കടകൾ ലൈസൻസി ഉപേക്ഷിച്ചു പോയിട്ടുണ്ട്; ലൈസൻസി ഉപേക്ഷിച്ചുപോയ കടകൾ ആർക്കാണ് നൽകുന്നത്;ഒരു ലൈസൻസിക്ക് ഒന്നിലേറെ കടകൾ നൽകിയിട്ടുണ്ടോ; ഇത്തരം എത്ര ലൈസൻസികളാണ് സംസ്ഥാനത്തുള്ളത്; അവ ഏതെല്ലാം ജില്ലകളിലായി എത്ര വീതമുണ്ട്; | (സി) | 2016 ജൂൺ ഒന്നിനു ശേഷം 276 കടകൾ ലൈസൻസികൾ ഉപേക്ഷിച്ചു പോയിട്ടുണ്ട്. ലൈസൻസി ഉപേക്ഷിച്ചു പോയ കടകൾ തൊട്ടടുത്ത കടയിൽ ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ അറ്റാച്ച് ചെയ്യുകയോ കാർഡുകൾ മറ്റു കടയിലേക്ക് സ്കാറ്റർ ചെയ്യുകയോ ആണ് നിലവിൽ ചെയ്തു വരുന്നത്. ഒരു ലൈസൻസിക്ക് ഒന്നിലധികം |

| | | | |
|---|---|---|---|
| | ലൈസൻസിയുടെ കുടുംബാംഗങ്ങൾക്കും ലൈസൻസി അനുവദിക്കുന്നതിന് തടസ്സമുണ്ടോ; | | റേഷൻ കടകൾ അനുവദിച്ച് നൽകുന്നില്ല. എന്നാൽ സഹകരണ സംഘങ്ങൾക്ക് ഒന്നിലധികം ലൈസൻസ് നൽകാറുണ്ട്. |
| (ഡി) | ലൈസൻസി ഉപേക്ഷിച്ചുപോയ റേഷൻ കടകൾ സിവിൽ സപ്ലൈസ് കോർപ്പറേഷനു വിട്ടു നൽകാൻ നയപരമായ തീരുമാനം സർക്കാർ എടുത്തിട്ടുണ്ടോ; ഇതു സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇപ്രകാരം എത്ര കടകൾ സപ്ലൈകോ ഏറ്റെടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇത്തരം റേഷൻകടകളിൽ സാധനങ്ങൾ എത്തിക്കുന്നത് ആരാണ്; ഇവയിലെ സ്റ്റോക്ക്, വാതിൽപ്പടി വിതരണം, ഗുണമേന്മാ പരിശോധന എന്നിവയുടെ ചുമതല ആർക്കാണ് വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ലൈസൻസ് ഉപേക്ഷിച്ച് പോയ തിരുവനന്തപുരം ജില്ലയിൽ സിറ്റി റേഷനിംഗ് ഓഫീസ് നോർത്തിന്റെ പരിധിയിലുള്ള 119-ാം നമ്പർ റേഷൻകട 2020 നവംബർ 3 മുതൽ സപ്ലൈകോയുടെ അധീനതയിൽ ലൈസൻസ് അനുവദിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. പ്രസ്തുത റേഷൻ കടയിൽ സ്റ്റോക്ക്, വാതിൽപ്പടി വിതരണം എന്നിവ സപ്ലൈകോയാണ് നടത്തി വരുന്നത്. ഗുണമേന്മ പരിശോധന സിവിൽ സപ്ലൈസ് വകുപ്പാണ് ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ